പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 271 21.08.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ ഡ്യൂട്ടി സമയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.മമ്മൂട്ടി<br>" പാറക്കൽ അബ്ദുല്ല<br>" എൻ. ഷംസുദ്ദീൻ<br>" എൻ .എ.നെല്ലിക്കുന്ന് | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ദൂരവും സമയവും നോക്കാതെ വരുമാനം മാത്രം മാനദണ്ഡമാക്കി ഡ്യൂട്ടി നിശ്ചയിച്ച രീതി, കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | നിലവിലുണ്ടായിരുന്ന ഡ്യൂട്ടി പാറ്റേൺ പ്രകാരം ജീവനക്കാരുടെ അപര്യാപ്തത നില നിന്നിരുന്നു. അതിനാൽ ഡ്യൂട്ടി പാറ്റേൺ ഏകീകരണം വഴി ശമ്പളത്തിന് ആനുപാതികമായ സേവനം ലഭ്യമാക്കുന്നതിനുള്ള കർമ്മ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കി കൊണ്ടിരിക്കുകയാണ്. ഇതുമൂലം ചില പ്രയാസങ്ങൾ ജീവനക്കാർക്ക് അനുഭവപ്പെടുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ ഉത്തരവിനെ ജീവനക്കാർ കോടതിയിൽ ചോദ്യം ചെയ്യുകയുണ്ടായോ എന്നറിയിക്കാമോ; | (ബി) | ചോദ്യം ചെയ്യുക്യുണ്ടായി. |
| (സി) | പുതിയ ഡ്യൂട്ടിക്രമം നിശ്ചയിച്ചതിന് ശേഷം കോർപ്പറേഷന്റെ വരുമാനത്തിൽ വർദ്ധനവുണ്ടായോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (സി) | പുതിയ ഡ്യൂട്ടിക്രമം നിശ്ചയിച്ചതിന് ശേഷം ശരാശരി 78% ആയിരുന്ന വാഹന ഉപയോഗം ഇപ്പോൾ 87% ആയി ഉയർന്നിട്ടുണ്ട്. ജീവനക്കാരുടെ കുറവ് മൂലം ഉപയോഗിക്കാൻ കഴിയാതിരുന്ന ബസ്സുകളുടെ എണ്ണം ആനുപാതികമായി കുറഞ്ഞതിനാലും കൂടുതൽ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുവാൻ |

| | | | |
|---|---|---|---|
| | | | കഴിഞ്ഞത് മൂലവും വരുമാനത്തിൽ 50 ലക്ഷം രൂപയുടെ പ്രതിദിന വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഇത്തരത്തിലുള്ള ഡ്യൂട്ടി പാറ്റേൺ സംബന്ധമായ ക്രമീകരണങ്ങൾ നടപ്പിലാക്കി വരുന്നത് പുരോഗമനത്തിലായതിനാൽ വ്യക്തമായ കണക്കുകൾ ശേഖരിച്ചു വരുന്നതേയുള്ളൂ. |
| (ഡി) | ഒരാഴ്ചയിൽ 54 മണിക്കൂറിൽ കൂടുതൽ ജോലിചെയ്യാൻ പാടില്ലായെന്ന 1961 ലെ തൊഴിൽ നിയമത്തിന് വിരുദ്ധമാണ് കെ.എസ്. ആർ.ടി.സി.യിലെ പുതിയ ഉത്തരവ് എന്ന് കരുതുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ഡി) | ഒരാഴ്ചയിൽ 54 മണിക്കൂർ പോലും ജോലി ചെയ്യുന്ന സാഹചര്യം ഇപ്പോഴില്ല. സിംഗിൾ ഡ്യൂട്ടിക്ക് 8 മണിക്കൂർ എന്ന രീതിയിൽ 48 മണിക്കൂർ ആഴ്ചയിൽ ജോലി ചെയ്യേണ്ടതാണെങ്കിലും അത്രയും മണിക്കൂറുകൾ ഇപ്പോൾ ചെയ്യിക്കുന്നില്ല. ഡബിൾ ഡ്യൂട്ടി ക്രമത്തിൽ ആഴ്ചയിൽ 48 മണിക്കൂർ വരേണ്ട സ്ഥാനത്ത് ഇപ്പോൾ 39 മണിക്കൂർ ആണ് ജോലി ചെയ്യിച്ച് വരുന്നത്. |
| (ഇ) | ഏഴുമണിക്കൂർ ജോലിക്ക് അര മണിക്കൂർ വിശ്രമമെന്ന വ്യവസ്ഥ പാലിക്കാത്ത സാഹചര്യം നിലവിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ഇ) | ഇല്ല. മോട്ടോർ ട്രാൻസ്പോർട്ട് ആക്ട് പ്രകാരം 8 മണിക്കൂർ ജോലിക്കാണ് അരമണിക്കൂർ വിശ്രമം അനുവദിച്ചിട്ടുള്ളത്. അത്തരത്തിൽ സിംഗിൾ ഡ്യൂട്ടി 8 മണിക്കൂറിനുള്ളിൽ നിയമപ്രകാരം 7½ മണിക്കൂർ സ്റ്റിയറിംഗ് മണിക്കൂർ ലഭ്യമാക്കേണ്ടതാണ്. എന്നാൽ നിലവിൽ 6½ മണിക്കൂർ മാത്രമേ സ്റ്റിയറിംഗ് ഡ്യൂട്ടിക്കായി ലഭ്യമാകുന്നുള്ളൂ. സിംഗിൾ ഡ്യൂട്ടിക്ക് കേവലം 6½ മണിക്കൂർ എങ്കിലും ജീവനക്കാരുടെ സേവനം ലഭ്യമാക്കണം എന്നതാണ് ഡ്യൂട്ടി ഏകീകരണം കൊണ്ട് കെ.എസ്.ആർ.ടി.സി ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**